## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1424 — 11-06-2019 -ൽ മറുപടിക്ക്

### ചങ്ങനാശ്ശേരിയിൽ പ്രളയം മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.എഫ്. തോമസ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ചങ്ങനാശ്ശേരി താലൂക്കിൽ ഈ കഴിഞ്ഞ പ്രളയം മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് സഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) & ബി) | ചങ്ങനാശ്ശേരി താലൂക്കിൽ പ്രളയം മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് 3137 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 3062 അപേക്ഷകൾക്ക് തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. |
| ബി) | ഈ അപേക്ഷയിൽ എത്രയെണ്ണത്തിന് തീർപ്പ് കല്പിച്ചിട്ടുണ്ട്; | | |
| സി) | വീട്ടുകൾ പൂർണ്ണമായും ഭാഗികമായും നശിച്ചത് സംബന്ധിച്ച അപേക്ഷകളുടെ എണ്ണം വ്യക്തമാക്കാമോ; | സി) & ഡി) | വീട്ടുകൾ ഭാഗികമായും പൂർണ്ണമായും തകർന്നത് സംബന്ധിച്ച് 1439 അപേക്ഷകൾ ലഭിച്ചു. ഇതിൽ 1364 അപേക്ഷകളിൽ അന്വേഷണം പൂർത്തിയാക്കി ധനസഹായം അനുവദിച്ചു വരുന്നു. |
| ഡി) | ഇതിൽ എത്രയെണ്ണത്തിന് സഹായം അനുവദിച്ചിട്ടുണ്ട്; | | |
| ഇ) | ചങ്ങനാശ്ശേരി- ആലപ്പുഴ റോഡ് പുറമ്പോക്കിലും മറ്റുപുറമ്പോക്കുകളിലും താമസിക്കുന്ന പ്രളയക്കെടുതി അനുഭവിച്ച ആളുകൾക്ക് പുതിയ ഭവനം നിർമ്മിക്കുന്നതിന് പ്രളയാനന്തര പദ്ധതിയിൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ; | ഇ) & എഫ്) | ചങ്ങനാശ്ശേരി ആലപ്പുഴ റോഡ് പുറമ്പോക്കിൽ പ്രളയത്തിൽ ഭവനനാശം സംഭവിച്ച കേസ്സുകൾ നാളിതുവരെ റിപ്പോർട്ട് ചെയ്യിട്ടില്ല. ചെങ്ങന്നൂർ താലൂക്കിൽ പ്രളയത്തിൽ പുറമ്പോക്കിൽ വീട് നഷ്ടപ്പെട്ട 16 കേസ്സുകൾ റിപ്പോർട്ട് ചെയ്യിട്ടുണ്ട്. ടി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| എഫ്) | ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്ന കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ